പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4341

26.6.2014 ലെ മറുപടിക്ക്

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ;എങ്കിൽ വ്യക്തമാക്കുമോ ; | (എ) സർക്കാർ, എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ഇപ്രകാരം നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല. വിവിധ മാനേജ്മെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ |

| | | | |
|---|---|---|---|
| | | | കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നത് എയ്ഡഡ് സ്കൂളുകൾക്കു മാത്രമായിപരിമിത പ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും ഇത്തരത്തിൽ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | അദ്ധ്യാപക– വിദ്യാർത്ഥി അനുപാതം 1:30 ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ ; | (ബി) | സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾ തല അനുപാതം (യു.പി.യിൽ 1:35 ഉം എൽ.പി. യിൽ 1:30 ഉം) തന്നെയാണ് ബാധകം.സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശനിയമം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായാണ് 29.11.2013 ലെ സ.ഉ.313/13/പൊവിവ, 3.5.2013 ലെ 154/13/പൊവിവ പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുള്ളത് |

| | | | |
|---|---|---|---|
| (സി) | നിലവിലെ അദ്ധ്യാപക – വിദ്യാർത്ഥി അനുപാതത്തിലുള്ള വലിയ അന്തരം കാര്യക്ഷമമായ അദ്ധ്യാപനത്തിന് ഭംഗം വരുത്തുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കാര്യക്ഷമമായ അദ്ധ്യാപനത്തിന് നിലവിലെ അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം ഭംഗം വരുത്തുന്നില്ല. |

സെക്ഷൻഓഫീസർ